3. Travancore Titanium Products Ltd.

4. Steel and Industrial Forgings Ltd.

5. Kerala State Drugs & Phramaceuticals Ltd.

6. Sitaram Textiles Ltd.

7. Traco Cable Company Ltd.

8. Kerala State Handloom Weavers Co-operative Society (HANTEX)

9. The Malappuram Co-operative Spinning Mills Ltd.

10. Alleppey Co-operative Spinning Mills

11. Kerala State Palmyrah Products Development & Workers Welfare Corporation Ltd. (KELPALM)

സി.&എ. ജി. റിപ്പോർട്ട്

30(*210) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷം സി&എ.ജി. റിപ്പോർട്ടിൽ ധന നടത്തിപ്പിലെ പരാമർശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ദൈനംദിന ചെലവ് നടത്തുന്നതിന് കടമെടുക്കുന്ന പണത്തെ ആശ്രയിക്കുന്നതിനെക്കുറിച്ച് സി.&എ.ജി.-യുടെ വിലയിരുത്തലുകൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) സി&എ.ജി. നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന തരത്തിലുള്ള എന്തെങ്കിലും ധനമാനേജ്മെന്റിന്റെ വീഴ്ച ഈ റിപ്പോർട്ടിലും ആവർത്തിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും തമ്മിലുള്ള ഉയർന്ന അനുപാതം കടമെടുക്കുന്ന ഫണ്ടുകളുടെ ഒരു ഭാഗം നിത്യ ചെലവുകൾ നേരിടുന്നതിന് വിനിയോഗിക്കുന്നു എന്നതിന്റെ സൂചനയായി സി. & എ. ജി. വിലയിരുത്തിയിട്ടുണ്ട്.

2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 49,176.93 കോടി രൂപയും ആകെ റവന്യൂ ചെലവ് 60,485.50 കോടി രൂപയും ആയിരുന്നു. മുൻ വർഷത്തേക്കാൾ റവന്യൂ വരവിൽ 11 ശതമാനവും റവന്യൂ ചെലവിൽ 13 ശതമാനവും വളർച്ച രേഖപ്പെടുത്തുകയുണ്ടായി. റവന്യൂ ചെലവ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന തലത്തിൽ ആയിരുന്നുവെങ്കിലും റവന്യൂ വരവിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചില്ല. സംസ്ഥാനത്തിന്റെ കടമിതര വരുമാനം അപര്യാപ്തമായതിനാൽ റവന്യൂ കമ്മി നികത്തുന്നതിന് കടമെടുപ്പിന്റെ കൂടുതൽ ഭാഗം വിനിയോഗിക്കേണ്ടിവന്നു. ഇതിനെത്തുടർന്ന് ആകെ കടമെടുത്തതിൽ നിന്നും 7350 കോടി രൂപ മാത്രമാണ് വികസന പ്രവർത്തനങ്ങൾക്ക് മിച്ചമുണ്ടായിരുന്നത് എന്ന് സി.&എ.ജി. ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(സി) ധനമാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം സി.&എ.ജി.-യുടെ മുൻ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്ന തരത്തിലുള്ള വീഴ്ചകൾ ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുതുതായി നൽകിയ ഗാർഹിക-കാർഷിക കണക്ഷനുകൾ

1 (1989) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നൽകിയ ഗാർഹിക കാർഷിക കണക്ഷനുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം വൈദ്യുതി ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നിരക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) 30-4-2015-ലെ കണക്കുകൾ പ്രകാരം 9,06,469 ഗാർഹിക കണക്ഷനുകളും 47,465 കാർഷിക കണക്ഷനുകളും നൽകിയിട്ടുണ്ട്.

(ബി) 31-3-2011-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം 6877.83 ദശലക്ഷം

LIBRARY ARCHIVES Kerala Legislative Assembly